കേരളകൗമുദി
14 ഫെബ്രുവരി 2018 ബുധൻ
തിരുവനന്തപുരം

അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

വലിയതുറ ശാഖയിൽ വനിതാസംഘം പ്രവർത്തക സമ്മേളനം

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വലിയതുറ ശാഖയിൽ വനിതാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തക സമ്മേളനവും കാരുണ്യ സ്പർഷം പദ്ധതിയുടെ ഭാഗമായുള്ള പെൻഷൻ വിതരണ ഉദ്ഘാടനവും 17 ന് നടക്കും. രാവിലെ 10 ന് വലിയതുറ ശാഖാ ഹാളിൽ കേന്ദ്ര വനിതാ സംഘം സെക്രട്ടറി സംഗീത വിശ്വനാഥൻ ഉദ്ഘാടനം ചെയ്യും. വനിതാ സംഘം പ്രസിഡന്റ് ഗീത ജഗതൻ അദ്ധ്യക്ഷത വഹിക്കും.

പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയൻ ചെയർമാൻ ഡി. പ്രേംരാജ് മുഖ്യ പ്രഭാഷണം നടത്തും. യൂണിയൻ കൺവീനർ ആലുവിള അജിത്ത് പെൻഷൻ വിതരണം ചെയ്യും. യോഗം ഇൻസ്പെക്ടിംഗ് ഓഫീസർ നെടുമങ്ങാട് രാജേഷ്, വനിതാ സംഘം യൂണിയൻ പ്രസിഡന്റ് രതമ്മ ജയമോഹൻ, യൂണിയൻ സെക്രട്ടറി ബീന ജയൻ, സുധ വിജയൻ, ഓമന മോഹൻ, വി. ഷിബു തുടങ്ങിയവർ ആശംസ പ്രസംഗം നടത്തും. വനിതാ സംഘം സെക്രട്ടറി ഷീല സുനിൽ ചന്ദ്രൻ സ്വാഗതവും വൈസ് പ്രസിഡന്റ് അജിത ഷിബു നന്ദിയും പറയും.

മുട്ടത്തറ പനമൂട് ദേവീക്ഷേത്രം

തിരുവനന്തപുരം : മുട്ടത്തറ ശ്രീ പനമൂട് ദേവീക്ഷേത്രത്തിലെ പൊങ്കാല മഹോത്സവം 17 മുതൽ 23വരെ നടക്കുമെന്ന് ഉത്സവകമ്മറ്റി ഭാരവാഹികളായ കെ.മുരളി ഉണ്ണി, കെ.അനിൽ കുമാർ, കെ.കെ.വേണുഗോപാലൻ എന്നിവർ അറിയിച്ചു. 17 ന് രാവിലെ 8.30ന് തൃക്കൊടിയേറ്റ്, 11.15ന് ദേവീയെ പച്ചപന്തലിൽ കുടിയിരുത്തും.

രാത്രി 9ന് ഗാനമേള. 18ന് വൈകിട്ട് 7ന് നൃത്തനൃത്ത്യങ്ങൾ രാത്രി 9ന് ക്ലാസിക്കൽ ഡാൻസ്, 19ന് രാത്രി 8.30ന് മാലപ്പുറം, പാട്ടും വിളക്കും, തിരുമുടി പ്രദക്ഷിണവും നടക്കും. 9ന് നൃത്തസന്ധ്യ, 20ന് രാത്രി 9ന് മെഗാഷോ കോമഡി ചിരിമയം, 22ന് രാവിലെ 8ന് ദേവി പ്രസാദ ഊട്ടിനായി എഴുന്നള്ളും. 23 ന് രാവിലെ 9.15ന് പൊങ്കാല, 12.15ന് നിവേദ്യം, വൈകിട്ട് 5.15ന് തുരുമുടി പുറത്തെഴുന്നള്ളിക്കും. രാത്രി 12.30ന് നടക്കുന്ന ഗുരുസിയോടെ ഉത്സവം സമാപിക്കും. ഉത്സവ ദിവസങ്ങൾ ഉച്ചയ്ക്ക് അന്നദാനം ഉണ്ടായിരിക്കും. ഉത്സവം കഴിഞ്ഞ് മാർച്ച് 2ന് നടതുറക്കും.

കമലേശ്വരം ആര്യൻകുഴി ഭഗവതി ക്ഷേത്രം

തിരുവനന്തപുരം : കമലേശ്വരം ആര്യൻകുഴി ഭഗവതി ക്ഷേത്രത്തിൽ കുംഭഭരണി ഉത്സവം 16 മുതൽ 23 വരെ നടക്കും. 16 ന് രാവിലെ 9.30ന് ദേവിയെ പച്ചപന്തലിൽ കുടിയിരുത്തും. വൈകിട്ട് 5.30ന് ഭക്തി ഗാനസുധ, 8ന് ഡാൻസ്, 17ന് വൈകിട്ട് 5.30ന് ഭക്തിഗാനസുധ, 8ന് നൃത്തസന്ധ്യ, 18ന് വൈകിട്ട 5.30ന് ഭജന, 7ന് മാലപ്പുറം പാട്ട്, 8ന് നൃത്തനൃത്ത്യങ്ങൾ, 19ന് ഭക്തിഗാനമഞ്ജരി, 8ന് ട്രാക്ക് ഗാനമേള, 20ന് വൈകിട്ട് 5.30ന് ഭക്തിഗാനാമൃതം, 8ന് ഡാൻസ്, 21 ന് ഭക്തിഗാനസുധ, 8ന് നൃത്തനൃത്ത്യങ്ങൾ, 22ന് രാവിലെ 10.15ന് പൊങ്കാല, 1.25 നിവേദ്യം, 7.30ന് നൃത്തസന്ധ്യ, 9ന് കുത്തിയോട്ടം ചൂരൽകുത്ത്, 11 ന് ദേവിയെ പുറത്തെഴുന്നള്ളിക്കും. 23ന് രാവിലെ 10ന് ദേവിയെ കുടിയിളക്കി കുടിയിരുത്തും, രാത്രി 10 ന് ഗുരുസിയോടെ ഉത്സവം സമാപിക്കും. ഉത്സവം കഴിഞ്ഞ് മാർച്ച് 2ന് നടതുറക്കും. ഉത്സവ ദിസങ്ങളിലും നടതുറക്കുന്ന ദിവസവും അന്നദാനം ഉണ്ടായിരിക്കും.

വേളി പൊഴിക്കര ശ്രീ മഹാഗണപതി ക്ഷേത്രം

തിരുവനന്തപുരം: വേളി പൊഴിക്കര ശ്രീ മഹാഗണപതി ക്ഷേത്രത്തിൽ നാലാം പ്രതിഷ്ഠാവാർഷിക മഹോത്സവം 19ന് തുടങ്ങി 21 ന് സമാപിക്കും. തന്ത്രിമുഖ്യൻ പെരിയമന ശ്രീജിത്ത് ജി. നമ്പൂതിരി മുഖ്യകാർമ്മികത്വം വഹിക്കും.19 ന് ഭക്തിഗാനസുധ, ട്രാക്ക് ഗാനമേള, സിനിമാറ്റിക് ഡാൻസ്,20 ന് നാടൻപാട്ടുമേളം,21 ന് ഗാനമേള എന്നിവ ഉണ്ടാകും. 21 ന് രാവിലെ 9.45 നാണ് സമൂഹപൊങ്കാല.

വട്ടിയൂർക്കാവ് ഗവ. സ്കൂൾ മന്ദിര ഉദ്ഘാടനം

പേരൂർക്കട: വട്ടിയൂർക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ സെക്കൻഡറി വിഭാഗത്തിനായി നിർമ്മിച്ച രണ്ടാം നിലയുടെ ഉദ്ഘാടനം കെ. മുരളീധരൻ എം.എൽ.എ നിർവഹിച്ചു. എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചാണ് മന്ദിരം നിർമ്മിച്ചത്. കൗൺസിലർ എസ്. ഹരിശങ്കർ, പി.ടി.എ പ്രസിഡന്റ് ഗോപകുമാർ, എസ്. ബിന, സീമാ സേവ്യർ, പ്രിയ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ബഡ്ജറ്റും മത്സ്യമേഖലയും ഓപ്പൺ ഫോറം

തിരുവനന്തപുരം: സംസ്ഥാന ബഡ്ജറ്റും മത്സ്യമേഖലയും എന്ന വിഷയത്തെക്കുറിച്ച് സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ ഓപ്പൺ ഫോറം നടത്തും. പ്രസ് ക്ലബ് ഹാളിൽ നാളെ രാവിലെ 10.30ന് മന്ത്രി ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യും. ഫാ. യൂജിൻ പെരേര, ഓസ്റ്റിൻ തോമസ്, ടി. പീറ്റർ, സോളമൻ വെട്ടുകാട് തുടങ്ങിയവർ സംസാരിക്കും. കുട്ടായി ബഷീർ അദ്ധ്യക്ഷത വഹിക്കും.

ഹെഡ്‌ലോഡ് ആൻഡ് വർക്കേഴ്സ് ഫെഡറേഷൻ സമ്മേളനം

തിരുവനന്തപുരം : ഹെഡ്‌ലോഡ് ആൻഡ് വർക്കേഴ്സ് ഫെഡറേഷൻ (എച്ച്.എം.എസ്) സംസ്ഥാന സമ്മേളനം പട്ടം എം.വി.ആർ ഭവനിൽ അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം സി.പി. ജോൺ ഉദ്ഘാടനം ചെയ്തു.

സി.എം.പി ജില്ലാ സെക്രട്ടറി എം.പി. സാജു, കെ.എം.എഫ് സെക്രട്ടറി മോളി സ്റ്റാൻലി, ജില്ലാ ജോയിന്റ് സെക്രട്ടറി എം.ആർ. മനോജ്, പി.ജി. മധു, യൂണിയൻ ജില്ലാ പ്രസിഡന്റ് രമാകാന്തൻ, ജില്ലാ സെക്രട്ടറി മംഗലത്തുകോണം സുരേഷ്, രണ്ടാംചിറ മണിയൻ തുടങ്ങിയവർ സംസാരിച്ചു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റായി വാസു കാരയിലിനെയും ജനറൽ സെക്രട്ടറിയായി പൊടിയൻകുട്ടിയെയും തിരഞ്ഞെടുത്തു.

ഹെഡ്‌ലോഡ് ആൻഡ് വർക്കേഴ്സ് ഫെഡറേഷൻ (എച്ച്.എം.എസ്) സംസ്ഥാന സമ്മേളനം അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം സി.പി. ജോൺ ഉദ്ഘാടനം ചെയ്യുന്നു

കുരുക്ക് അഴിയാതെ മലയിൻകീഴ്

▸ടി.എസ്.ചന്ദ്രൻ

മലയിൻകീഴ് ജംഗ്ഷനിലെ ഗതാഗത കുരുക്ക്

KAUMUDI ALERT

മലയിൻകീഴ്: മലയിൻകീഴ് - കുണ്ടമൺകടവ് റോഡിൽ ഗതാഗതക്കുരുക്ക് ഒഴിയുന്നില്ല. രാവിലെ എട്ടു മുതൽ രാത്രി എട്ടുവരെ പേയാട്, തച്ചോട്ടുകാവ്, മലയിൻകീഴ് ജംഗ്ഷൻ, ബിവറേജ് ഔട്ട്‌ലെറ്റ് എന്നിവിടങ്ങൾ കടന്ന് ലക്ഷ്യ സ്ഥാനത്തെത്താൻ പടിച്ചപണി പതിനെട്ടും പയറ്റുകയാണ് യാത്രക്കാർ.

രാവിലെ 11 വരെ കുണ്ടമൺകടവ് പാലം കടക്കണമെങ്കിൽ മണിക്കൂറുകൾ കാത്ത് കിടക്കണം. രോഗിയുമായെത്തുന്ന ആംബുലൻസുകൾ പോലും ഇവിടെ കുരുങ്ങുന്നത് പതിവാണ്. പൊലീസിന്റെ സേവനം പലപ്പോഴും ഇവിടെയുണ്ടാകാറില്ല. പക്ഷേ കുരുക്കഴിഞ്ഞാൽ പെറ്റിയടിക്കാൻ പൊലീസെത്തും. മലയിൻകീഴ് ബി.എസ്.എൻ.എൽ സ്കൂൾ ജംഗ്ഷൻ, ബിവറേജ് ഔട്ട്‌ലെറ്റ് എന്നിവ അപകടക്കെണിയാണ്. കെ. എസ്. ആർ. ടി. സി ബസുൾപ്പെടെയുള്ള ചെറുതും വലുതുമായ ആയിരക്കണക്കിന് വാഹനങ്ങൾ ദിവസവും കടന്ന് പോകുന്ന വീതി കുറഞ്ഞ റോഡിൽ കുരുക്ക് ഒഴിയാറില്ല. റോഡ് മറികടക്കുന്നവർ അപകടത്തിൽപ്പെടുന്നതും പതിവാണ്. വാഹനങ്ങളുടെ അമിത വേഗതയും അപകടങ്ങളുണ്ടാക്കുന്നുണ്ട്. കാൽനടപോലും അസാദ്ധ്യമാകും വിധമാണ് പാർക്കിംഗും ചെറുകിട കച്ചവടവും.

ബിവറേജ് ഔട്ട്‌ലെറ്റിലെ തിരക്ക് നിയന്ത്രിക്കാതെ മദ്യം വാങ്ങിയിറങ്ങുന്നവർക്ക് പിഴ ചുമത്താനാണ് പൊലീസിന് താത്പര്യം. ഇവിടെയും റോഡിന് ഇരുവശത്തുമുള്ള അനധികൃത പാർക്കിംഗിനെതിരെ പൊലീസ് ഇടപെടാറില്ല. ഇതുകാരണം നിരവധി അപകടങ്ങളുമുണ്ടാകാറുണ്ട്.

ഹയർ സെക്കഡറി, വി.എച്ച്.എസ്.എസ്, ഐ.ടി.ഐ, ഗവൺമെന്റ് കോളേജ് എന്നിങ്ങനെ നിരവധി സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും മലയിൻകീഴിലുണ്ട്. പേയാട് റോഡ് ടാറിടുമെന്ന് പ്രഖ്യാപിച്ചിട്ട് ഒന്നര വർഷം കഴിഞ്ഞിട്ടും ഒരു നടപടിയുമുണ്ടായില്ല. അതേസമയം റോഡ് വീതികൂട്ടാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്നാണ് അധികൃതർ പറയുന്നത്. അപകമുണ്ടാകുമ്പോൾ മാത്രമാണ് റോഡ് വികസനത്തെ കുറിച്ച് അധികൃതർ മിണ്ടാറുള്ളത് എന്നാണ് നാട്ടുകാരുടെ ആക്ഷേപം.

ഗതാഗതക്കുരുക്കഴിക്കാൻ ചില പരിഷ്കാരങ്ങൾ നടത്തിയെങ്കിലും പ്രയോജനമുണ്ടായില്ല. തിരുവനന്തപുരം ഭാഗത്തേക്കുള്ള കെ.എസ്.ആർ.ടി.സി ബസുകൾ ക്ഷേത്ര ജംഗ്ഷന് സമീപത്ത് നിറുത്തണമെന്ന് കാട്ടി ബോർഡുണ്ടെങ്കിലും ഇപ്പോഴും മലയിൻകീഴ് ജംഗ്ഷനിലാണ് നിറുത്താറുള്ളത്. ചെക്കിംഗ് ഇൻസ്പെക്ടർ പലപ്പോഴും ഉണ്ടാകാറില്ല. ബസിന് പിന്നാലെ വിദ്യാർത്ഥികളുൾപ്പെടെയുള്ളവരുടെ കൂട്ടഓട്ടവും പതിവാണ്. തിരുവനന്തപുരം - കാട്ടാക്കട റോഡിൽ 400 കോടി രൂപ വിനിയോഗിച്ച് ജംഗ്ഷനുകൾ നവീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിലാണ് യാത്രക്കാരുടെ പ്രതീക്ഷ. റിംഗ് റോഡുകളുമുണ്ടാകുമെന്നാണ് ഇപ്പോഴത്തെ പ്രഖ്യാപനം. സ്വകാര്യവാഹനങ്ങളുടെ അനധികൃത പാർക്കിംഗ് നിയന്ത്രിക്കാൻ പൊലീസിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകണമെന്ന ആവശ്യവും ശക്തമാണ്.

ലക്ഷദീപ പ്രഭയിൽ കോലത്തുകര

കുളത്തൂർ: ശിവരാത്രി ദിന സന്ധ്യയിൽ ലക്ഷം മൺചെരാതുകളിൽ തെളിഞ്ഞ തിരിനാളങ്ങളോടെ കോലത്തുകര ലക്ഷദീപം മിഴിതുറന്നു.

ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കുളത്തൂർ കോലത്തുകര ശിവക്ഷേത്രത്തിൽ ഇന്നലെ നടന്ന ലക്ഷദീപത്തിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നൂറുകണക്കിന് ഭക്തർ വ്രതാനുഷ്ഠാനങ്ങളോടെ പങ്കെടുത്തു. വൈകിട്ട് 7ന് മഹാദേവ ക്ഷേത്രത്തിന് മുന്നിൽ പ്രത്യേകം തയ്യാറാക്കിയ ആട്ടവിളക്കിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ദീപം പകർന്നതോടെയാണ് ലക്ഷദീപത്തിന് തുടക്കമായത്. തുടർന്ന് ക്ഷേത്ര ആഡിറ്റോറിയത്തിൽ നടന്ന സമ്മേളനവും മന്ത്രി ഉദ്ഘാടനം ചെയ്തു. ഗുരുവിന്റെ ചിന്തകളെ ഉൾക്കൊണ്ടുകൊണ്ട് ഗുരുദർശനങ്ങളെ പ്രാവർത്തികമാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മേയർ വി.കെ. പ്രശാന്ത് അദ്ധ്യക്ഷനായിരുന്നു. ചെമ്പഴന്തി ഗുരുകുലം സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, കൗൺസിലർമാരായ വിക്രമൻ, സുനിചന്ദ്രൻ, പ്രതിഭ ജയകുമാർ, ആറ്റിപ്ര സദാനന്ദൻ, കുളത്തൂർ അജയൻ, എ. അനിരു, കോലത്തുകര ക്ഷേത്ര സമാജം പ്രസിഡന്റ് എൻ. തുളസീധരൻ, സെക്രട്ടറി എസ്. സതീഷ്ബാബു, വൈസ് പ്രസിഡന്റ് അഡ്വ. എസ്. സതികുമാർ, എസ്. രാജു, ബി. തുളസീധരൻ തുടങ്ങിയവർ സംസാരിച്ചു.

കോലത്തുകര ലക്ഷദീപം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. മേയർ വി.കെ. പ്രശാന്ത്, കൗൺസിലർമാരായ വിക്രമൻ, സുനിചന്ദ്രൻ, പ്രതിഭ ജയകുമാർ, എൻ. തുളസീധരൻ തുടങ്ങിയവർ സമീപം

ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് ശ്രീകണ്ഠേശ്വര മഹാദേവ ക്ഷേത്രത്തിലെ ഭക്തജനത്തിരക്ക്

മെഡി. കോളേജിൽ കൂട്ടിരിപ്പുകാരുടെ പ്രതിഷേധം

പൂട്ടിക്കിടക്കുന്ന ഗേറ്റിനു മുന്നിൽ നാട്ടുകാരുടെ പ്രതിഷേധം

തിരുവനന്തപുരം : മെഡിക്കൽ കോളേജ് ആശുപത്രിയിൽ നൽകുന്ന സൗജന്യ ഭക്ഷണം വാങ്ങാനെത്തിയവരെ അകത്ത് പ്രവേശിപ്പിച്ചില്ലെന്നാരോപിച്ച് രോഗികളുടെ കൂട്ടിരിപ്പുകാരും നാട്ടുകാരും ബഹളംവച്ചു. ഇന്നലെ ഉച്ചയോടെ സി.ടി സ്കാൻ സെന്റർ കെട്ടിടത്തിനുപുറത്ത് റോഡിലായിരുന്നു പ്രതിഷേധം. ജീവനക്കാരെത്തി ഗേറ്റുതുറന്നതോടെയാണ് പ്രശ്നം അവസാനിച്ചത്.

ദിവസവും ആശുപത്രിയിലെ വിവിധ വാർഡുകളിൽ നിന്ന് സൗജന്യ ഭക്ഷണത്തിനുള്ള കൂപ്പണുകൾ വിതരണം ചെയ്യുന്നുണ്ട്. കൂപ്പണുകളുമായി വിതരണ കേന്ദ്രത്തിലെത്തി പാത്രങ്ങളിൽ ഭക്ഷണം ശേഖരിക്കുകയാണ് രീതി. ആശുപത്രിയിലൂടെ ഇവിടെയെത്താൻ വഴിയുണ്ടെങ്കിലും അത് കണ്ടുപിടിക്കാൻ ഏറെ പ്രയാസമാണ്. സ്ഥലം അന്വേഷിക്കുമ്പോൾ പഴയ അത്യാഹിത വിഭാഗം സി.ടി സ്കാൻ കെട്ടിടം എന്നുള്ള മറുപടിയാണ് മിക്കവർക്കും ലഭിക്കുന്നത്. പുറത്തിറങ്ങി റോഡിലൂടെ നടന്നാൽ എളുപ്പത്തിൽ ഇവിടെയത്താം. എന്നാൽ പുറത്തെ ഗേറ്റ് പൂട്ടിയിട്ടിരിക്കുന്നതിനാൽ ഭക്ഷണം വാങ്ങാനെത്തുന്നവർ കുറച്ച് ദിവസങ്ങളായി മടങ്ങിപ്പോകുകയായിരുന്നു. അതേസമയം ഭക്ഷണം വാങ്ങാനെത്തുന്നവർ ആശുപത്രിക്കുള്ളിലൂടെ സൗജന്യ ഭക്ഷണ വിതരണ കേന്ദ്രത്തിൽ എത്തണമെന്ന് അധികൃതർ പറഞ്ഞു. ലിഫ്ട് പ്രവർത്തന രഹിതമാകുന്ന സമയത്ത് വാഹനങ്ങളിൽ അത്യാഹിത വിഭാഗം - എസ്.എ.ടി ആശുപത്രി എന്നിവിടങ്ങളിൽ നിന്നുള്ള രോഗികളെ സ്കാനിംഗ് സെന്ററിൽ പ്രവേശിപ്പിക്കാൻ മാത്രമേ ഇവിടത്തെ ഗേറ്റുകൾ തുറക്കുകയുള്ളൂവെന്നും അധികൃതർ പറഞ്ഞു.

ആഗ്രഹങ്ങളെ തനിച്ചാക്കി തങ്കമ്മ അമ്മൂമ്മ മടങ്ങി

▸ഷാജിമോൻ

തങ്കമ്മ

കോവളം: രണ്ടാഗ്രഹങ്ങളേ തങ്കമ്മ അമ്മൂമ്മയ്ക്കുണ്ടായിരുന്നുള്ളൂ. ഒന്ന് മോഹൻലാലിനെ നേരിട്ടു കണ്ട് പൊന്നാട അണിയിക്കുക, രണ്ട് മരണശേഷം തന്റെ ശരീരം മെഡിക്കൽകോളേജിലെ കുട്ടികൾക്ക് പഠിക്കാൻ നൽകുക. അടങ്ങാത്ത ഈ ആഗ്രഹങ്ങൾ ബാക്കിയാക്കിയാണ് 106-ാം വയസിൽ തങ്കമ്മ അമ്മൂമ്മ വിടപറഞ്ഞത്.

കോവളം മുട്ടയ്ക്കാട് കൃപാതീരം അഗതി മന്ദിരത്തിലെ അന്തേവാസിയായ തങ്കമ്മ വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെ രാവിലെ പത്തരയോടെയാണ് മരിച്ചത്. ലാലേട്ടനെ കാണണമെന്ന അമ്മൂമ്മയുടെ ആഗ്രഹം സഫലമാക്കാൻ പലരും ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. മോഹൻലാലിനെ ഒരുപാട് ഇഷ്ടമാണെന്നും കാണാൻ പറ്റുമോയെന്നും ഇടയ്ക്കിടെ ചോദിക്കാറുണ്ടെന്നും അഗതി മന്ദിരത്തിന്റെ ചുമതലയുള്ള സിസ്റ്റർ റിക്സി പറഞ്ഞു. 1969-ൽ പുറത്തിറങ്ങിയ കള്ളിച്ചെല്ലമ്മ എന്ന ചിത്രത്തിൽ താൻ അഭിനയിച്ചിട്ടുണ്ടെന്ന് അമ്മൂമ്മ പറയുമായിരുന്നു. തന്റെ മൃതദേഹം മെഡിക്കൽ കോളേജിലെ കുട്ടികൾക്ക് പഠിക്കാൻ നൽകണമെന്ന അമ്മൂമ്മയുടെ ആഗ്രഹം കൃപാതീരത്ത് എത്തിച്ചവർ നിരാകരിച്ചു. അതോടെ ആ ആഗ്രഹത്തിനും തിരശീല വീണു. മൃതദേഹം ശാന്തികവാടത്തിലാണ് സംസ്കരിച്ചത്.

10 വർഷം മുമ്പ് മേനംകുളം പാർവതി നഗറിനു സമീപം ആറ്റിൻകര പുറമ്പോക്കിലാണ് തങ്കമ്മ കുടിൽ കെട്ടി താമസമാക്കിയത്. പാർവതി നഗറിലെ എല്ലാ വീടുകളിലും ചിരിച്ച മുഖവുമായി തങ്കമ്മയെത്തുമ്പോൾ ഒരു നേരത്തെ അന്നം റെഡിയായിരിക്കും. ഇതിനിടെ പ്രായാധിക്യം തങ്കമ്മയെ തളർത്തി. ഇതോടെ ഒപ്പമുണ്ടായിരുന്നവർ ഉപേക്ഷിച്ചു.

കിടപ്പിലായ തങ്കമ്മ ആഹാരം കിട്ടാതെ കുടിലിൽ കിടന്നത് ആരും അറിഞ്ഞിരുന്നില്ല. ഇതിനിടെ സാമൂഹ്യ പ്രവർത്തകയായ സുനിതാ സുഷമ തങ്കമ്മയെ കാണാനെത്തി. തുടർന്ന് തുമ്പ പൊലീസിന്റെ സഹായത്തോടെ അഞ്ച് വർഷം മുമ്പ് മുട്ടയ്ക്കാട് മരിയം ത്രേസ്യ ഹോമിലെത്തിച്ചു.

തിരുവനന്തപുരം വി. ജെ. ടി ഹാളിൽ നടന്ന പത്താമത് കുട്ടികളുടെ ജൈവവൈവിദ്ധ്യ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ മികച്ച പ്രോജക്ടുകൾക്കുള്ള സമ്മാനം മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യുന്നു. മന്ത്രി. എ.കെ. ബാലൻ, ബോർഡ് ചെയർമാൻ ഡോ. എസ്.സി. ജോഷി, അഡിഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ, മേയർ വി.കെ. പ്രശാന്ത് എന്നിവർ സമീപം.

കുട്ടികളുടെ
ജൈവവൈവിദ്ധ്യ
സമ്മേളനം

ഡി.ബി.എഫ്.എസ് തമ്പാനൂർ ശാഖ ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ കെ. സുരേഷ് ഉദ്ഘാടനം ചെയ്യുന്നു. ജോൺ ജി. കൊട്ടറ, വി.എം. പ്രദീപ്, ഡി.ബി.എഫ്.എസ് ഡയറക്ടർ പോൾ തോമസ്, തിരിച്ചുട്ടമ്പലം, ബ്രാഞ്ച് ഹെഡ് ജയകൃഷ്ണൻ എന്നിവർ സമീപം

പുരുഷ വയോജന കേന്ദ്രം തുടങ്ങും

തിരുവനന്തപുരം: നഗരത്തിൽ പുരുഷ വയോജന കേന്ദ്രം തുടങ്ങാൻ സത്യാന്വേഷണ ചാരിറ്റബിൾ സൊസൈറ്റി അർദ്ധവാർഷികയോഗം തീരുമാനിച്ചു. പ്രസിഡന്റ് ഗിൽറ്റൻ ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

സെക്രട്ടറി ജനാർദ്ദനൻനായർ റിപ്പോർട്ട് അവതരിപ്പിച്ചു. എൻജിനിയർ സിബി, മുരളീധരൻ, ജയകുമാർ, വിനയകുമാർ, ജി. സോമൻ, എം.പി. ശ്രീധരൻ തുടങ്ങിയവർ സംസാരിച്ചു. തമലം വിജയൻ സ്വാഗതവും പ്രേമചന്ദ്രൻനായർ നന്ദിയും പറഞ്ഞു.

കൂടുതൽ പ്രദേശിക വാർത്തകൾ
പേജ് 3,5

ടാഗോർ തീയേറ്ററിൽ നടന്ന ഒ.എൻ.വി കൾച്ചറൽ അക്കാഡമിയുടെ ഒ.എൻ.വി സ്മൃതി സന്ധ്യയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ കെ.ജയകുമാർ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയ ഒ.എൻ.വി കവിതകളുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ പ്രൊഫ. വി. കാർത്തികേയന് നൽകുന്ന വേളയിൽ സദസിൽ തൊഴുകൈകളോടെ ഇരിക്കുന്ന ഒ.എൻ.വി യുടെ പത്നി സരസ്വതി അമ്മ. സുഗതകുമാരി സമീപം

കവിതകളുമായി കുട്ടികൾ ഒ.എൻ.വിയുടെ വീട്ടിലെത്തി

ഒ.എൻ.വി. കുറുപ്പിന്റെ രണ്ടാം ചരമവാർഷിക ദിനത്തിൽ കാവ്യകേളിയുടെ ആഭിമുഖ്യത്തിൽ വഴുതക്കാട്ടെ വസതിയിൽ നടന്ന ഗുരുസ്മരണയിൽ കെ.എസ്. ശബരീനാഥൻ എം.എൽ.എയും പത്നിയും ഡെപ്യൂട്ടി കളക്ടറുമായ ദിവ്യ എസ്. അയ്യരും വിദ്യാർത്ഥികളോടൊപ്പം പുഷ്പാർച്ചന നടത്തുന്നു

തിരുവനന്തപുരം: മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വിയുടെ രണ്ടാം ചരമവാർഷിക ദിനത്തിൽ ഒ.എൻ.വി കവിതകളുമായി വിദ്യാർത്ഥികൾ കവിയുടെ വസതിയായ വഴുതക്കാട് 'ഇന്ദീവര'ത്തിൽ എത്തിയപ്പോൾ സരോജിനി ഒ.എൻ.വിയുടെ ഹൃദയം നിറഞ്ഞു.

പാഥേയം മുതൽ ഭൂമിക്കൊരു ചരമഗീതം വരെയുള്ള പത്തു കവിതകൾ കുട്ടികൾ ചൊല്ലി. 2009ൽ ഒ.എൻ.വി ഉദ്ഘാടനം ചെയ്ത കവിതാസ്നേഹികളുടെ കൂട്ടായ്മയായ 'കാവ്യകേളി'യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഒ.എൻ.വി ഗുരുസ്മരണ ചടങ്ങ് കെ.എസ്. ശബരീനാഥൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കാവ്യകേളി സെക്രട്ടറി ജെ.എം. റഹിം അദ്ധ്യക്ഷനായി.

മുൻ മന്ത്രി എം. വിജയകുമാർ മുഖ്യാതിഥിയായി. ഡെപ്യൂട്ടി കളക്ടർ ഡോ ദിവ്യ എസ്. അയ്യർ 'കറുത്ത പക്ഷിയുടെ പാട്ട്' എന്ന കവിത ചൊല്ലി ഒ.എൻ.വി കാവ്യാർച്ചന ഉദ്ഘാടനം ചെയ്തു. ഒ.എൻ.വിയുടെ ഛായാചിത്രത്തിൽ കുട്ടികൾ പുഷ്പാർച്ചന നടത്തി. സരോജിനി ഒ.എൻ.വിയെ കുട്ടികൾ പൊന്നാട ചാർത്തി ആദരിച്ചു. കവിതയെ കൂടുതൽ സ്നേഹിക്കണമെന്നും മത്സരങ്ങൾക്കു വേണ്ടിയല്ലാതെ തന്നെ കവിതകൾ വായിച്ചു ചൊല്ലി പഠിക്കണമെന്നും സരോജിനി ഒ.എൻ.വി കുട്ടികളോട് പറഞ്ഞു.

ഒ.എൻ.വിയുമായുള്ള ഓർമ്മകളും കുട്ടികളുമായി അവർ പങ്കുവച്ചു. വഴുതക്കാട് ചിന്മയ, കാർമൽ, കണിയാപുരം കരിച്ചാറ ഗവ. എൽ.പി സ്കൂൾ, ചെമ്പഴന്തി എസ്.എൻ പബ്ലിക് സ്കൂൾ, ആര്യനാട് ലൂഥർ ഗിരി എന്നീ സ്കൂളുകളിലെ കുട്ടികളാണ് പരിപാടിയിൽ പങ്കെടുത്തത്.

ഒ.എൻ.വിയുടെ മകൻ രാജീവ് ഒ.എൻ.വി, ചെറുമകൾ അപർണ രാജീവ്, മറ്റു കുടുംബാംഗങ്ങൾ എന്നിവർ കുട്ടികളെ സ്വീകരിച്ചു. ഒ.എൻ.വി കാവ്യാർച്ചനയിൽ പങ്കെടുത്ത കുട്ടികൾക്ക് സരോജിനി ഒ.എൻ.വി കാവ്യകേളിയുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

വധശ്രമം: പ്രതി അറസ്റ്റിൽ

കോവളം : പടിഞ്ഞാറെ പൂങ്കുളത്ത് വധശ്രമക്കേസിൽ ഒളിവിൽപ്പോയ പ്രതിയെ വിഴിഞ്ഞം പൊലീസ് അറസ്റ്റു ചെയ്തു. കെ.എസ് റോഡ് കല്ലടിച്ചാൻ മൂലയിൽ റാംബോ ഉണ്ണിയെന്ന് വിളിക്കുന്ന അഭിരാജാണ് (27) അറസ്റ്റിലായത്. പടിഞ്ഞാറെ പൂങ്കുളം സ്വദേശികളായ രതീഷ്(33), സുഹൃത്ത് സുരേഷ്(42) എന്നിവരെ സംഘം ചേർന്ന് വെട്ടിപ്പരിക്കേല്പിക്കുകയായിരുന്നു. തുടർന്നാണ് പ്രധാന പ്രതിയായ അഭിരാജ് ഒളിവിൽപ്പോയത്. ബൈപാസിൽ നടന്ന വാഹനാപകടത്തിൽ അഭിരാജിന് പരിക്കേറ്റിരുന്നു. വിഴിഞ്ഞം പൊലീസ് ഇൻസ്പെക്ടർ എൻ. ഷിബു, എസ്.ഐ ടി.സി. ഷാജി, സി.പി.ഒ രഞ്ജിത് എന്നിവരങ്ങിയ സംഘം പ്രതിയെ പിടികൂടിയത്.